**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6678** **21-03-2023 - ൽ മറുപടിയ്ക്ക്**

**തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു .<br><br>കൂടാതെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുന്ന സ്പിരിചൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി അനുവദിച്ച ശബരിമല-എരുമേലി - പമ്പ -സന്നിധാനം -സ്പിരിചൽ സർക്യൂട്ട് , ശ്രീ പത്മനാഭ-ആറന്മുള ആസ് എ സ്പിരിചൽ സർക്യൂട്ട് , ഡെവലപ്മെന്റ് ഓഫ് സ്പിരിചൽ സർക്യൂട്ട് - ശിവഗരി ശ്രീനാരായണ ഗുരു ആശ്രമം - അരുവിപ്പുറം - കുന്നുംപാറ - ശ്രീസുബ്രമണ്യ - ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ഇൻ കേരള എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു . കേന്ദ്ര സർക്കാരിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനം എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് . |
| (ബി) | മലബാറിലെ ഏറ്റവും പ്രശസ്തമായ പയ്യന്നൂർ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം കേന്ദ്രീകരിച്ച് തീർത്ഥാടന ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ പരിഗണനയിൽ ഇല്ല. പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ